സാമ്പത്തിക കാര്യസമിതി അറിയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടാത്ത എ.പി.എൽ. (എസ്എസ്.) വിഭാഗക്കാർക്ക് നിലവിലുള്ള സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിനും എ.പി.എൽ. (എസ്എസ്.) വിഭാഗത്തിൽ പെടാത്തവർക്ക് നിലവിലുള്ള എ.പി.എൽ. നിരക്കിൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുവാനും 17-9-2014-ലെ സ.ഉ.(കൈ) നമ്പർ 39/14/ഭ.സി.സ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. എന്നാൽ ഇപ്പോൾ റേഷൻ ആനുകൂല്യങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്ന അന്നപൂർണ്ണ പദ്ധതിയുടെ ഗുണഭോക്താക്കൾക്കും, ധർമ്മ സ്ഥാപനങ്ങൾ, കോൺവെന്റുകൾ, ആശ്രമങ്ങൾ അതുപോലുള്ള സ്ഥാപനങ്ങളിലെ അന്തേവാസികൾക്കും റേഷൻ തുടർന്നും നൽകാൻ ഭക്ഷ്യ സുരക്ഷാ നിയമം വ്യവസ്ഥ ചെയ്യുന്നില്ല. സംസ്ഥാനത്ത് ലഭിച്ചുകൊണ്ടിരിക്കുന്ന പ്രതിവർഷ ശരാശരി വിഹിതമായ 16.25 ലക്ഷം ടണ്ണിന് പകരം 14.25 ലക്ഷം ടണ്ണായി ഇപ്പോൾ ഭക്ഷ്യധാന്യ വിഹിതം കുറവ് ചെയ്തിരിക്കുകയാണ്. മുകളിൽ സൂചിപ്പിച്ച എല്ലാ വിഭാഗക്കാർക്കും തുടർന്നും റേഷൻ ലഭ്യമാക്കണമെന്നും സംസ്ഥാനത്തെ മൊത്തം ഭക്ഷ്യധാന്യ വിഹിതം കൂട്ടണമെന്നും കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടിട്ടുണ്ട്. റേഷൻ വിതരണ ശൃംഖലയിൽനിന്ന് ഒരാളും ഒഴിവാക്കപ്പെടാത്ത രീതിയിൽ പദ്ധതി നടപ്പാക്കുന്നതിനാണ് നടപടികൾ സ്വീകരിച്ചുവരുന്നത്.

(ഡി) ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതോടെ എല്ലാ അർഹതയുള്ളവരെയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുവാൻ കഴിയും.

റേഷൻ കട നവീകരണം

257 (1314) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. ബി. അബ്ദുൾ റസാക്ക് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡ് ടു എൻഡ് പദ്ധതി പ്രകാരമുള്ള റേഷൻ കട നവീകരണ നടപടികൾ ഏത് ഘട്ടത്തിലാണെന്നതിന്റെ വിശദവിവരം നൽകുമോ;

(ബി) ഈ പദ്ധതി പൂർത്തിയാവുമ്പോൾ റേഷൻ വിതരണത്തിൽ എന്തൊക്കെ ഗുണപരമായ മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഏതെങ്കിലും ജില്ലയിൽ ഈ പദ്ധതി പൂർണ്ണമായി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര ഉപഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാക്കാനായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ മോഡൽ പൈലറ്റ് പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ 6 കടകളിൽ എ.പി.എൽ. (എസ്എസ്.) സബ്സിഡി നേരിട്ട് നൽകുന്നതിനായി പ്രീ-പൈലറ്റ് പദ്ധതി നടപ്പാക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി 6 റേഷൻ കടകളിൽ ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുകയും ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിരുന്നു. ഈ കടകളിലെല്ലാം തറ ടൈൽ പാകി വൃത്തിയാക്കുകയും ഇലക്ട്രിക്കൽ വയറിംഗ് നടത്തുകയും ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുകയും ചെയ്തു. റേഷൻ സാധനങ്ങൾ സപ്ലൈകോ നേരിട്ട് കടകളിൽ ലഭ്യമാക്കുകയും ചെയ്തു. ഗുണഭോക്താക്കളെ ആധാർ മുഖേന തിരിച്ചറിഞ്ഞ് റേഷൻ വിതരണം നടത്തുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ആധാർ എല്ലാ കാർഡുടമകൾക്കും ലഭ്യമാകാതിരുന്നതും ലഭ്യമായ കാർഡുടമകളുടെ തന്നെ ബയോമെട്രിക് ആതന്റിക്കേഷൻ നടത്തുന്നതിന് ചില തടസ്സങ്ങൾ നേരിടുകയുണ്ടായി.

(ബി) പൂർണ്ണ തോതിൽ നടപ്പാക്കുമ്പോൾ ഓരോ ഗുണഭോക്താവിനെയും തിരിച്ചറിഞ്ഞ് അർഹമായ വിഹിതം കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാനും തിരിമറി പൂർണ്ണമായും തടയുവാനും സാധിക്കും. റേഷൻ കടകളിൽ ഡോർ ഡെലിവറി മുഖേന റേഷൻ സാധനങ്ങൾ എത്തിക്കും. ഓരോ ഗുണഭോക്താവിനും റേഷൻ സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ തത്സമയം തന്നെ ഉദ്യോഗസ്ഥതലത്തിലും പൊതുജനങ്ങൾക്കും വിവരങ്ങൾ ലഭ്യമാകത്തക്കവിധം ട്രാൻസ്പരൻസി പോർട്ടൽ സജ്ജമാകും. പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കുവാനും പരാതിയുടെ തത്സ്ഥിതി നിരീക്ഷിക്കാനും യഥാസമയം സാധിക്കത്തക്ക വിധം ഒരു സുതാര്യമായ പരാതി പരിഹാര സംവിധാനം നിലവിൽ വരും. ഇപ്രകാരം ഓരോ കണ്ണിയും പരസ്പരം യോജിപ്പിച്ചുകൊണ്ട് സുതാര്യമായ ഒരു പൊതുവിതരണ സംവിധാനം നിലവിൽ വരും.

(സി) തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് പദ്ധതി ഉടനെ തുടങ്ങുന്നതാണ്.

നെല്ല് സംഭരണം

258 (1315) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെൽ കർഷകരിൽ നിന്നും നെല്ല് സംഭരണത്തിന് എന്തെല്ലാം നടപടികളാണ് ഈ വർഷം സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ഈ വർഷം നാളിതുവരെ കർഷകരിൽനിന്നും എത്ര ടൺ നെല്ലാണ് സംഭരിച്ചത് എന്ന് അറിയിക്കാമോ;

(സി) സംഭരണ തുകയായി കർഷകർക്ക് എത്ര കോടി രൂപ നൽകി എന്നും ഇനി കുടിശ്ശിക നൽകാനുണ്ടെങ്കിൽ ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കും ലഭ്യമാക്കാമോ;